പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5204 — 24-10-2011-ൽ മറുപടിയ്ക്ക്

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ തീരദേശ സംരക്ഷണത്തിനായി പദ്ധതികൾ**

| ചോദ്യം : ശ്രീ.പി.ബി.അബ്ദുൽ റസാക് | ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കരയിടിച്ചിലിന് വിധേയമായ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ മുസോഡി കടപ്പുറം, മണിമുണ്ട, ഷിറിയ, ബരീക്ക. കോയിപ്പാടി, നാംഗി, കോപ്പാള എന്നിവിടങ്ങളിൽ കരയിടിച്ചിൽ ഉണ്ടായിട്ടുണ്ട്. |
| (ബി) ഈ പ്രദേശങ്ങളിൽ കടലാക്രമണം മൂലം ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (ബി) ഉണ്ട്. നിലവിലുള്ള കടൽഭിത്തികൾക്ക് ഷിറിയ കടപ്പുറത്ത് 750 മീറ്റർ നീളത്തിൽ 55 ലക്ഷം രൂപയുടെയും, ബരീക്കയിൽ 410 മീറ്റർ നീളത്തിൽ 40 ലക്ഷം രൂപയുടെയും കോയിപ്പാടിയിൽ 300 മീറ്റർ നീളത്തിൽ 30 ലക്ഷം രൂപയുടെയും നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രദേശങ്ങളിലെ തീരദേശ സംരക്ഷണത്തിനായി എതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി കടൽഭിത്തി നിർമ്മിക്കുന്നതിന് മുസോഡികടപ്പുറത്ത് 300 മീറ്റർ നീളത്തിൽ 176 ലക്ഷം രൂപയുടെയും, നാംഗി-കോപ്പാള കടപ്പുറത്ത് 300 മീറ്റർ നീളത്തിൽ 163 ലക്ഷം രൂപയുടെയും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ